/78149/2023

## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. പ്രിയങ്ക ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ്,ഡയറക്ടറേറ്റ്– ആദ്യ ആയിരം ദിന പരിപാടി 2022-23 രണ്ടാം ഗഡു അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം. 245/2022/വശിവിവ തീയതി 21-05-2022
2. 18-05-2022 ലെ വനിതശിശുവികസന ഡയറക്ടറുടെ ICDS/A5/918/2022 നം. ഉത്തരവ്.
3. 19-07-2022 ലെ വനിതശിശുവികസന ഡയറക്ടറുടെ ICDS/A5/918/2022 നം. ഉത്തരവ്.
4. കോട്ടയം,ഇടുക്കി,തൃശ്ശൂർ,കോഴിക്കോട് പ്രോഗ്രാം ഓഫീസർമാരുടെ കത്ത്.

**ഉത്തരവ് നം. ICDS/A5/918/2022 തീയതി: 27-01-2023**

ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതു വരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതാണ്. . കുട്ടിയുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും ആദ്യ 1000 ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013 ൽ അട്ടപ്പാടി ഐ. സി. ഡി. എസ്. പ്രോജക്ടിൽ ആരംഭിച്ച ആദ്യ 1000 ദിന പരിപാടി എന്ന പദ്ധതി നിലവിലുള്ള 28 പ്രോജക്ടുകളും പുതിയതായി ആരംഭിച്ച 14 പ്രോജക്ടുകളും ഉൾപ്പെടെ സംസ്ഥാനത്താകെ 42 പ്രോജക്ടുകളിൽ നടപ്പിലാക്കി വരുന്നു.

2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് പുതിയതായി തെരഞ്ഞെടുത്ത 14 ഐസിഡിഎസ് പ്രോജക്ടുകളിൽ കൂടി (ജില്ലയിൽ ഒരു പ്രോജക്ട് വീതം) പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം ആകെ 1,05,00,000 രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. കുറഞ്ഞ ജനനഭാരത്തോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പദ്ധതിയുടെ ഭാഗമായി പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് നൽകേണ്ടതായിട്ടുണ്ട്. ആയതിലേയ്ക്കായി പരാമർശം (2) പ്രകാരം പദ്ധതി നടപ്പിലാക്കിക്കൊണ്ടിരുന്ന 28 പ്രോജക്ടുകൾക്കും പരാമർശം (3) പ്രകാരം പുതിയതായി തെരഞ്ഞെടുത്ത 14 പ്രോജക്ടുകൾക്ക് 2022 ഡിസംബർ വരെയും ആവശ്യമായ തുക ആദ്യ ഘട്ടമായി അനുവദിയ്ക്കുകയുണ്ടായി. എന്നാൽ പരാമർശം (4) പ്രകാരം പദ്ധതി നടത്തിപ്പിലേയ്ക്കായി ജില്ലകളിൽ നിന്നും വീണ്ടും തുക പ്രോഗ്രാം ഓഫീസർമാർ ആവശ്യപ്പെട്ടിരിക്കുന്നു.

രണ്ടാം ഘട്ടം തുക ആവശ്യപ്പെട്ട പ്രോജക്ടുകളിൽ തൃശ്ശൂർ ജില്ലയിലെ തളിക്കുളം പ്രോജക്ട് ഒഴികെ മറ്റ് പ്രോജക്ടുകൾ 2022-23 സാമ്പത്തിക വർഷം പുതിയതായി പദ്ധതി ആരംഭിച്ച പ്രോജക്ടുകളാണ്. പരാമർശം (2,3) പ്രകാരമുള്ള ഉത്തരവിന്റെ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കേണ്ടതും ഓരോ മാസവും പുതിയതായി വരുന്ന ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തി അർഹതപ്പെട്ടവർക്ക് കൃത്യമായി തെറാപ്യൂട്ടിക് ഫുഡ് വിതരണം നടത്തേണ്ടതുമാണ്. രണ്ടാം ഘട്ടം തുക ആവശ്യപ്പെട്ട കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി പ്രോജക്ട്,ഇടുക്കി ജില്ലയിലെ ഇളംദേശം,തൃശ്ശൂർ ജില്ലയിലെ തളിക്കുളം,കോഴിക്കോട് ജില്ലയിലെ വടകര അർബൺ പ്രോജക്ട് എന്നിവയ്ക്ക് തെറാപ്യൂട്ടിക് ഫുഡിനത്തിൽ ആവശ്യമായ ആകെ തുക 2,68,307 രൂപ (രണ്ട് ലക്ഷത്തി

/78149/2023

അറുപത്തിയെട്ടായിരത്തിമുന്നൂറ്റിയേഴ് രൂപ മാത്രം) ചുവടെ ചേർത്തിരിക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | പ്രോജക്റ്റ് | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | കോട്ടയം | കാഞ്ഞിരപ്പള്ളി | 72045 |
| 2 | ഇടുക്കി | ഇളം ദേശം | 72060 |
| 3 | തൃശ്ശൂർ | തളിക്കുളം | 52,157 |
| 4 | കോഴിക്കോട് | വടകര അർബൺ | 72045 |
| | ആകെ | | 2,68,307 |

ഈ തുക ജില്ലാ വനിതശിശുവികസന ഓഫീസർക്ക് BAMS മുഖേന അനുവദിയ്ക്കേണ്ടതും ജില്ലാ വനിതശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള തുക BIMS വഴി വിതരണം നടത്തേണ്ടതുമാണ്. ഇതിനാവശ്യമായ ചെലവുകൾ 2022-23 സാമ്പത്തിക വർഷത്തെ നവജാതശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടിയ്ക്ക് വേണ്ടി വകയിരുത്തിയിട്ടുള്ള 2235-02-102-50 (പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്. ചെലവഴിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം പ്രോഗ്രാം ഓഫീസർമാർ ശേഖരിച്ച് ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്

പകർപ്പ് :

1. ബന്ധപ്പെട്ട ജില്ലാവനിതശിശുവികവന ഓഫീസർമാർ
2. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ
3. സൂപ്രണ്ട് എ സെക്ഷൻ
4. സ്റ്റോക്ക് ഫയൽ

Signed by Priyanka G
Date: 27-01-2023 23:30:48